"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സഹകരണ വകുപ്പ് - വാർഷിക പദ്ധതി 2023-24 - കരകുളം സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നം. റ്റി 3064 (തിരുവനന്തപുരം) ന് ധനസഹായം അനുവദിക്കുന്നത്- തത്വത്തിൽ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.69/2024/Co-Op തീയതി,തിരുവനന്തപുരം, 02-02-2024

---

പരാമർശം:- 1. 16/11/2023 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗം

2. സഹകരണ സംഘം രജിസ്ട്രാറുടെ 22/12/2023 ലെ പി& എം .എ (5) 6991/2023 നം കത്ത്

3. 25/01/2024 ന് സഹകരണ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം

**<u>ഉത്തരവ്</u>**

കരകുളം സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നം . റ്റി 3064 (തിരുവനന്തപുരം) ന് "സാങ്കേതിക വിദ്യാധിഷ്ഠിതകൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി" പ്രകാരം കെയ്സ്കോ വില്ലേജ് പ്രോജക്ട് നടപ്പിലാക്കുന്നതിനായി 1000 ലക്ഷം രൂപ (ആയിരം ലക്ഷം രൂപ മാത്രം) ധനസഹായം, 2023-24 സാമ്പത്തികവർഷത്തിൽ ചുവടെ പറയും പ്രകാരം അനുവദിക്കുന്നത് സംബന്ധിച്ച പ്രപ്പോസൽ 16/11/2023 ന് ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം അംഗീകരിച്ചിരുന്നു.

| ഇനം | ശീർഷകം | 2023-2024 ബഡ്ജറ്റ് വിഹിതത്തിൽവകയിരുത്തിയിട്ടുള്ള തുക | ശുപാർശ ചെയ്യുന്ന തുക |
|---|---|---|---|
| സബ്സിഡി | 2425-107-59 | 1656.00 | 480.00 |
| ഓഹരി | 4425-107-79 | 1449.00 | 420.00 |
| വായ്പ | 6425-107-69 | 345.00 | 100.00 |
| | | 3450.00 | 1000.00 |

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സഹകരണ സംഘം രജിസ്ട്രാറുടെ റിപ്പോർട്ടിന്റെയും, പരാമർശം (1,3) യോഗതീരുമാനങ്ങളുടെയും അടിസ്ഥാനത്തിൽ, കരകുളം സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നം റ്റി 3064 (തിരുവനന്തപുരം) ന് "സാങ്കേതിക വിദ്യാധിഷ്ഠിതകൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി" പ്രകാരം കെയ്സ്കോ വില്ലേജ്

പ്രോജക്ട് നടപ്പിലാക്കുന്നതിനായി 1000 ലക്ഷം രൂപ (ആയിരം ലക്ഷം രൂപ മാത്രം) ധനസഹായം, അനുവദിക്കുന്നതിന് തത്വത്തിൽ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇതു സംബന്ധിച്ച നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

I) പദ്ധതിയുടെ വിവിധ components ന് ആവശ്യമായ മാറ്റം വരുത്തി 5 കോടി രൂപയുടെ പുതുക്കിയ പ്രപ്പോസൽ 2023-24 സാമ്പത്തികവർഷത്തിൽ സഹകരണ സംഘം രജിസ്ട്രാർ സമർപ്പിക്കേണ്ടതാണ് .

II) 5 കോടി രൂപയുടെ പ്രപ്പോസൽ പ്രകാരമുള്ള പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത് വിലയിരുത്തി സഹകരണ സംഘം രജിസ്ട്രാർ റിപ്പോർട്ട് ലഭ്യമാക്കുകയും, ബാക്കി തുക അനുവദിക്കുന്നതിനുള്ള പുതുക്കിയ പ്രപ്പോസൽ സമർപ്പിക്കുന്ന മുറയ്ക്ക് ബാക്കി തുകയ്ക്കുള്ള ഭരണാനുമതി നൽകുന്നതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
AJI PHILIP
അഡിഷണൽ സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം.

ധനകാര്യ (അഗ്രി-സി) വകുപ്പ്

വെബ് & ന്യൂ മീഡിയ, കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Radhika P
സെക്ഷൻ ഓഫീസർ
Date: 02-02-2024 13:35:27

പകർപ്പ്:- 1. ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

2. സഹകരണ വകുപ്പ് സെക്രട്ടറിയുടെ സി.എ ക്ക്

3. സഹകരണ വകുപ്പ് അഡിഷണൽ സെക്രട്ടറിയുടെ സി എ ക്ക് .